**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1314** **10-10-2024 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിൽ ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് നടപ്പാക്കുന്ന ഹിൽ സർക്യൂട്ടിന്റെ വിശദാംശവും ഈ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മണ്ഡലത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളായ പൂമല, വാഴാനി, ചേപ്പാറ, വിലങ്ങൻകുന്ന്, പെരേപ്പാറ ഡാം, വട്ടായ വെള്ളച്ചാട്ടം, പത്താഴകുണ്ട് ഡാം, തുവാനം വെള്ളച്ചാട്ടം, ചാത്തൻചിറ തുടങ്ങിയ പ്രദേശങ്ങൾ ബന്ധിപ്പിച്ച നടപ്പാക്കാൻ ലക്ഷ്യമിടുന്ന ഹിൽ സർക്യൂട്ടിന്റെ വിശദ പദ്ധതി രൂപരേഖ (DPR) തയ്യാറാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ടൂറിസം കേന്ദ്രങ്ങളിൽ നിലവിൽ നടക്കുന്ന പ്രവൃത്തികളുടെ പുരോഗതിയുടെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | വടക്കാഞ്ചേരി മണ്ഡലത്തിലെ പൂമല ഡാമിൽ നടപ്പാക്കുന്ന 'ഇക്കോടൂറിസം വില്ലേജ് പദ്ധതി' പ്രകാരം കോൺഫറൻസ് ഹാളിന്റെ നവീകരണവും മതിൽ, പാർക്കിങ് ഏരിയ, കുട്ടികളുടെ പാർക്ക് എന്നിവയുടെ നിർമാണവും പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ